PALLIPPURAM POLICE OUT-POST—PARTICULARS REGARDING

105. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടിപറയാമോ.—

(എ) ഞാറക്കൽ പൊല്ലീസ്സ് സ്റ്റേഷൻ അതുത്തിയിൽപ്പെട്ട പള്ളിപ്പുറം ഔട്ട്പോസ്റ്റിൽ എത്ര കോൺസ്റ്റബിൾമാർ ഉണ്ട്;

(ബി) എത്ര ഹെഡ് കാൺസ്റ്റബിൾമാർ ഉണ്ട്;

(സി) അവരുടെ താമസസൌകര്യത്തിന്നായി അവർക്ക പോലീസ് ലൈൻ ഉണ്ടോ;

(ഡി) അവക്ക മലമൂത്ര വിസർജ്ജനത്തിന്നായി കക്കൂസ് ഉണ്ടോ;

(ഇ) അവക്ക കുടിപ്പാനും കുളിപ്പാനും മറ്റുപയോഗത്തിന്നുമായി കുളമോ കിണറൊ ഉണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: (എ) നാല കൺസ്റ്റബിൾമാർ ഉണ്ട്.

(ബി) ഒരു ഹെഡ് കാൺസ്റ്റബിൾ.

(സി) ഇല്ല.

(ഡി) & (ഇ) അവർക്ക ഈ വക സൌകര്യങ്ങളും ഗവൺമെണ്ടിൽനിന്നും ചെയ്യ കൊടുത്തിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: അവക്ക ഈ വക സൌകര്യങ്ങളും ചെയ്യകൊടുക്കേണ്ടതല്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഞാറക്കൽ മാത്രം അല്ല ലൈനുകളില്ലാത്ത സ്ഥലത്തു് അതുണ്ടാക്കിവരുമ്പോൾ ഈ വക സൌകര്യങ്ങളും ഉണ്ടാക്കികൊടുക്കും.

Mr. P. A. Muhammad Ashrof *(Cranganur)*: What is the distance from Narakkal Station to Pallippuram Out-post?

Mr. B. V. K. Menon *(Joint Secretary to Government)*: About 6 miles.

മിസ്റ്റർ പി. കെ. ഡീവർ: ഈ ലൊറീൻസ് എല്ലാ പോലീസ്സ് സ്റ്റേഷനുകളിലും ഉണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സ്റ്റേഷനുകളിൽ ഉണ്ടായിരിക്കാം, ഇവിടെ ഔട്ട പോസ്റ്റിന്റെ കാര്യമാണ് പറഞ്ഞതു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഔട്ട്പോസ്റ്റിൽ ഉള്ള ആളുകൾക്ക ഈ വക ആവശ്യങ്ങൾ വേണ്ടേ? അവർ എന്തു് ചെയ്യുമെന്നാണ് ഗവൺമെണ്ടിനോട ചോദിക്കുന്നതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഈ വക സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നവരെ അവർ എങ്ങിനെയെങ്കിലും നിവൃത്തിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോലീസുകാക്ക വെള്ളം കിട്ടാൻ സൌകര്യമില്ലാത്ത സ്ഥലങ്ങളിൽ അലവൻസ് കൊടുത്തുവരുന്നുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ചില സ്ഥലങ്ങളിൽ കൊടുത്തുവരുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പള്ളിപ്പുറം ഔട്ട്പോസ്റ്റിൽ കൊടുത്തു വരുന്നുണ്ടൊ? ഞാറയ്ക്കലും മറ്റും വെള്ളം കിട്ടുവാൻ വിഷമമുള്ള സ്ഥലങ്ങളല്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ബാക്കിയുള്ളവക്ക കിട്ടുന്നതുപോലെ അവക്കും വെള്ളം കിട്ടും.

TAPPERS UNION—ANTHIKAD

106. Mr. P. K. Dewer *(Nominated)*: Will Government be pleased to state.—

(*a*) when was the Tappers Union, Anthikad declared illegal;

(*b*) what was the reason that prompted the Government to do so;

(*c*) what other organisations in Anthikad have been declared illegal and since when;

(*d*) are the Government aware that in British India the organisations accused of subversive activities and hence declared illegal, have since the cessation of hostilities been allowed to function, the ban on them having been removed;

(*e*) has the ban on the Anthikad Tappers Union and other organisations been removed now; if not, what is the reason?

LIBRARY ARCHIVES Kerala Legislative Assembly